## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T1619** **07/03/2018-ലെ മറുപടി**

## അന്തർ സംസ്ഥാന നദീജല കരാറുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എം. ഉമ്മർ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) അന്തർ സംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച വിഷയം ബന്ധപ്പെട്ട സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കുന്ന കാര്യത്തിൽ സർക്കാർ പിന്നോക്കമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; | എ) | അന്തർ സംസ്ഥാന നദീ ജല കരാറുകൾ സംബന്ധിച്ച വിഷയങ്ങളിൽ കേരള ത്തിന്റെ താൽപ്പര്യം പൂർണ്ണമായും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ശക്തമായ ഇടപെടലുകൾ കേരള സർക്കാർ യഥാസമയം നടത്തി വരുന്നുണ്ട്. ഇതിൽ ജാഗ്രതക്കുറവൊന്നും കാണിച്ചിട്ടില്ല. |
| ബി)പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഈ സർക്കാർ മുഖ്യമന്ത്രി തലത്തിൽ എത്ര കത്തുകൾ മറ്റ് സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുണ്ട് ; | ബി) | ഇതു സംബന്ധിച്ച് ബഹു.മുഖ്യമന്ത്രി 16/09/2016, 29/04/2017,09/08/2017,04/01/2018,08/02/2018,12/02/2018 എന്നീ തീയതികളിൽ തമിഴ്നാട് സർക്കാരിന് കത്തുകളയച്ചിട്ടുണ്ട്. |
| സി) പ്രസ്തുത കരാറുകളിലെ സംസ്ഥാന താൽപര്യം സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത് ; വിശദമാക്കാമോ ? | സി) | കേരളത്തിന് പ്രധാനമായും ജലം ലഭിക്കുന്ന പി.എ.പി കരാറിന്റെ കാര്യത്തിൽ കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി) യോഗങ്ങൾ മുഖാന്തിരം നേടിയെടുക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇത് ഫലവത്താകാത്ത സാഹചര്യത്തിൽ സർക്കാർതലത്തിലുള്ള സമയോചിതമായ |

ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു,

ഇതിനു പുറമെ ജലസേചന വകുപ്പും, കേരള വൈദ്യുതി ബോർഡും, സർക്കാരും, പി.എ.പി കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാടിന് നടപ്പ് ജല വർഷത്തിൽ നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഉഭയ കക്ഷി ചർച്ചയടക്കമുള്ള ശക്തമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. ഇതിനു പുറമെ 20/02/2018-ൽ ഹൈദ്രാബാദിൽ ചേർന്ന ദക്ഷിണ സംസ്ഥാനങ്ങളുടെ ആദ്യപ്രാദേശിക സമ്മേളനത്തിൽ പി.എ.പി സംബന്ധിച്ച കേരളത്തിന്റെ വാദങ്ങൾ അംഗീകരിച്ച ബഹു.കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രി , കരാർ വ്യവസ്ഥകൾ പാലിക്കുന്നതിനും കരാർ പ്രകാരം കേരളത്തിനർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിനും ഇരു സംസ്ഥാനത്തെയും മുഖ്യമന്ത്രിമാർ തലത്തിൽ ചർച്ച ചെയ്യണമെന്നും നിർദ്ദേശിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ

SD